# പള്ളികഥകൾ

## മിനികഥകൾ ഇരുപത്തിയഞ്ച്

ജോയിക്കുട്ടി,

ജോസഫ് അച്ചന്റെ അമേരിക്കയിലെ ഒരു സ്വന്തം ഇടവകയിൽ ഒരിക്കൽ നടന്ന ഒരു സംഭവമാണിത്. എനിക്കും ഏകദേശം ഇതിന്റെ പല കാര്യങ്ങളും നേരിട്ടറിയാവുന്നതാണ്.

## സൽക്കാരം

ആ പള്ളിയിൽ ഒരിക്കൽ ഒരു മെത്രാച്ചനെ അവർ ക്ഷണിച്ചു. യഥാർത്ഥത്തിൽ പള്ളിയുടെ പെരുന്നാളിനായിട്ടായിരുന്നു ക്ഷണിച്ചത്. പക്ഷേ ആ ദിവസത്തേക്ക് വേറൊരു പള്ളിയിൽ പോകാനായി ഏറ്റെടുത്ത് വിമാന ടിക്കെറ്റും എടുത്തിരിക്കുന്നതു മൂലം പിന്നീട് അദ്ദേഹത്തിന് ആകെ കൂടെയുള്ള ഒഴിവുള്ള ഒരു ഞായറാഴ്ചയ്ക്കു് അനുസരിച്ച് ഒരാഴ്ച ഇവിടെ വന്ന് താമസിച്ചുകൊള്ളാം എന്നദ്ദേഹം ഏറ്റു. തള്ളാനും കൊള്ളാനും വയ്യാത്ത അവസ്ഥയിലായി നമ്മുടെ അച്ചൻ. ഒരാഴ്ച ഇവിടെ വന്ന് താമസിക്കാമെന്നു പറഞ്ഞാൽ എവിടെയാണ് അതിനുള്ള സൗകര്യം. എന്തായാലും അച്ചൻ സമ്മതിച്ചു.

വളരെ ചെറിയ ഒരു ഇടവകയാണത്. വളരെ കുറച്ചു പേർ മാത്രം അംഗസംഖ്യ ഉള്ള ഇടവക. അതിലും പണക്കാരോ, വലിയ ശമ്പളം വാങ്ങുന്നവരോ അവിടില്ല. കൂട്ടത്തിൽ സ്വല്പം സാമ്പത്തിക ശേഷി ഉള്ളതും പള്ളിക്ക് സഹായിക്കാൻ സന്മനസ്സുള്ളതുമായ ഒരു വ്യക്തി ഉണ്ട്. അയാളും അയാളുടെ കുടുംബാംഗങ്ങളും പറയുന്ന ശരിയും തെറ്റുമെല്ലാം അതുപോലെ പള്ളിയിൽ നടപ്പാക്കിയിരിക്കണം. അല്ലങ്കിൽ അയാൾ പള്ളിക്ക് സഹായം ചെയ്യത്തില്ലന്നു മാത്രമല്ല പള്ളിക്ക് പാരയും പണിയും. അത് തീർച്ചയാണ്. അങ്ങിനെ പല സംഭവങ്ങളും ഉണ്ടായിട്ടുണ്ട്. അത് സഹിക്ക വയ്യാതെ പഴയ പല കുടുംബങ്ങളും ആ പള്ളിയിൽ നിന്ന് പിണങ്ങി പോയിട്ടുമുണ്ട്.

അച്ചൻ വിവരം പള്ളി കമ്മിറ്റിയിൽ അവതരിപ്പിച്ചു. കമ്മിറ്റി യാതൊരു കാരണവശാലും അതിന് സമ്മതമല്ല. അദ്ദേഹം വരുന്ന മൊത്ത ചിലവുകളെല്ലാം സാമ്പത്തികമായി വളരെ വിഷമമുള്ള ആ പള്ളിയെക്കൊണ്ട് നേരിടാൻ വയ്യ. കമ്മിറ്റിയോട് ആലോചിച്ച ശേഷം പോരായിരുന്നോ അദ്ദേഹത്തെ ക്ഷണിക്കേണ്ടിയിരുന്നത്. കമ്മിറ്റിയോട് ആലോചിച്ച ശേഷം അദ്ദേഹത്തെ ക്ഷണിക്കാൻ പോയാൽ അദ്ദേഹത്തെ കിട്ടത്തില്ലന്ന വിവരം അച്ചൻ അവതരിപ്പിച്ചു. അപ്പോൾ അദ്ദേഹത്തെ ക്ഷണിക്കേണ്ടായെന്നായി കമ്മിറ്റി. സഭയിലെ ഏറ്റവും പേരുകേട്ട ഒരു മെത്രാൻ ഇത്രയും അടുത്തു വെരെ വന്നിട്ട് നമ്മുടെ പള്ളിയിൽ ക്ഷണിക്കാതിരിക്കരുത് എന്നായി. എന്തായാലും അവസാനം നേരത്തെ പറഞ്ഞ പള്ളി പ്രമാണി ചെലവെല്ലാം ഏറ്റെടുക്കാമെന്ന് പറഞ്ഞ് അച്ചനെ സഹായിച്ചു. അയാളുടെ കൊട്ടാര സമാനമായുള്ള വീട്ടിൽ അത്രയും ദിവസം താമസിപ്പിക്കുകയും ചെയ്യും. പക്ഷേ, എല്ലാ ദിവസവും വേറെ എവിടെയെങ്കിലും ഭക്ഷണം ഏർപ്പാടു ചെയ്യണം; അയാൾക്കും ഭാര്യയ്ക്കും എല്ലാ ദിവസവും ജോലിക്കു പോകേണ്ടതാണ്.

അങ്ങിനെ അച്ചൻ പള്ളിയിലെ പലരോടും നേരിട്ട് വ്യക്തിപരമായ ബന്ധപ്പെട്ട് അപേക്ഷിച്ചപ്പോൾ ഉപേക്ഷ കൂടാതെ മിക്കവാറും എല്ലാവരും ഉച്ചയ്ക്കും രാത്രിയിലുമായി ഭക്ഷണം കൊടുക്കാമെന്നേറ്റു. അങ്ങിനെയാണ് ജോൺ വർഗ്ഗീസിനോടും അച്ചൻ സമീപിച്ചത്.

ജോൺവർഗ്ഗീസ് ആ പള്ളിയിലെ ഏകദേശം പ്രായം കൂടിയ ഭാര്യാഭർത്താക്കന്മാരാണ്. രണ്ടു പേർക്കും എഴുപത്തി രണ്ടു വയസു പ്രായമുണ്ട്. വർഷങ്ങളേറെയായി വിവാഹം കഴിച്ചിട്ടും അവർക്ക് മക്കളില്ല. അയാളേയും ഭാര്യ ഗ്രേസിയേയും എല്ലാവരും അച്ചായാ എന്നും അമ്മാമ്മേ എന്നും വിളിക്കണമെന്ന് നിർബന്ധമാണ്. പലരും ജോണിച്ചായാ എന്നും ഗ്രേസമ്മാമ്മേയെന്നും വിളിച്ചു. വളരെയധികം പേർ അവരോട് ഒന്നും സംസാരിക്കാതെ മാറി നിന്നു. അങ്ങിനെ വിളിച്ച് വിളിച്ച് അവസാനം അച്ചായാ, അമ്മാമ്മേ എന്നായി വിളി. നമ്മുടെ അച്ചായനും അമ്മാമ്മയും ഇപ്പോഴും ജോലിയും ചെയ്യുന്നുമുണ്ട് സോഷ്യൽ സെക്യൂരിറ്റി പണം കിട്ടുകയും ചെയ്യുന്നുണ്ട്. രണ്ടു പേർക്കും വലിയ ശമ്പളമില്ലങ്കിലും എല്ലാം കൂടെ ഭംഗിയായി ജീവിക്കാനുള്ള വകയുമുണ്ട്. വലിയതല്ലെങ്കിലും തീരെ ചെറിയതല്ലാത്ത ഒരു ഒറ്റ നില കെട്ടിടവും അതിന്റെ ബേസ്മെന്റും എല്ലാം കൂടെ ഏറ്റവും വില കൂടിയ ഒരു സ്ഥലത്തായിട്ടാണ് അവർ താമസിക്കുന്നത്. ചുറ്റുപാടും പ്രായമുള്ള വെള്ളക്കാർ മാത്രമല്ലാതെ ഒരു മലയാളി പോലും അടുത്തില്ല. എന്തായാലും അവരുടെ വീടിന്റെ പണം മുഴുവനും കൊടുത്തു തീർത്തിട്ടുണ്ട്. കൂടാതെ മുഴുവൻ പണവും കൊടുത്ത് വില കൂടിയ കാറുകൾ രണ്ടു പേർക്കും സ്വന്തമായിട്ടുണ്ട്.

വിവരം കേട്ട നമ്മുടെ അച്ചായൻ സമ്മതിച്ചു. അവരുടെ വീട്ടിൽ ആദ്യമായാണ് അങ്ങിനെ ഒരാൾ വരുന്നത്. പണ്ടൊക്കെ അപൂർവ്വം ചില സുഹൃത്തുക്കൾ വല്ലപ്പോഴും വരികയും അവർക്ക് വെച്ചു വിളമ്പുകയും ചെയ്തിട്ടുണ്ടെങ്കിലും ഇപ്പോഴിപ്പോൾ ആ പരിപാടിയെല്ലാം നിന്നെന്നതു കൂടാതെ അവരും എങ്ങും പോകാറില്ല. ഒരച്ചനേയും മെത്രാച്ചനേയും അവരുടെ വീട്ടിൽ ക്ഷണിച്ച് ഭക്ഷണമൊന്നും കൊടുത്തിട്ടില്ല. ഒരിക്കൽ, വളരെ വർഷങ്ങൾക്കു മുമ്പ് അവർ നാട്ടിലായിരുന്നപ്പോൾ ഒരു മെത്രാനെ കണ്ട് ഒരു കാര്യത്തിനായി ചെന്നപ്പോൾ അദ്ദേഹം വളരെ തിരക്കിലാണെന്നും പിന്നീട് ചെല്ലാൻ പറഞ്ഞതും മൂലം അച്ചന്റേയും മെത്രാച്ചന്റേയും അടുത്തെങ്ങും അവർ പോകാറില്ല. അങ്ങിനെയിരിക്കുമ്പോഴാണ് നമ്മുടെ അച്ചൻ ഈ അഭ്യർത്ഥനയുമായി ചെന്നത്.

ഭക്ഷണം എത്ര വേണമെങ്കിലും തയ്യാറാക്കുന്നതിൽ അവർക്ക് യാതൊരു പ്രയാസവുമില്ല. പക്ഷേ ആ വീടെല്ലാം വൃത്തിയാക്കുന്നതിലാണ് അവർക്ക് പ്രയാസം. വീടെല്ലാം വളരെ വൃത്തിയാണ്; പക്ഷേ അമ്മാമ്മയ്ക്കതു പോരാ. അച്ചനും മെത്രാനച്ചനും പള്ളി ട്രഷറാറും ഭക്ഷണത്തിനു വരുന്ന വീടാണ്. അമ്മാമ്മയ്ക്കു നിർബന്ധം, ഉടനെ വീട്ടിലെ കാർപ്പറ്റു മാറ്റണം, അടുക്കളയിലേയും ബാത്തുറൂമിലേയും ടൈലു മാറ്റണം, കർട്ടനെല്ലാം മാറ്റണം, എന്നു വേണ്ട എല്ലായിടവും ഏറെ വൃത്തിയായിരിക്കണം. അവരുടെ വീടെല്ലാം ഏറ്റവും വൃത്തിയായി സൂക്ഷിച്ചിരിക്കുന്നതാണ്. എന്നാലും അവരു പറയുന്നതുപോലെ ചെയ്തില്ലങ്കിൽ സംഗതി പിശകാണ്.

അവസാനം ആ സമയമായി. രാത്രി എട്ടു മണിയായി. ഒരനക്കവും ഇല്ല. പതിനേഴു കൂട്ടം കറികളുമായി അവർ കാത്തിരിപ്പായി. അച്ചന്റെ എല്ലാഫോണിലും വിളിച്ചു. യാതൊരു വിവരവും ഇല്ല. രാത്രി എട്ടരയായപ്പോൾ അച്ചൻ അവരെ വിളിച്ചു. നെഞ്ചിടിപ്പോടെയാണ് അയാൾ ഫോണെടുത്തത്. ഒരു പക്ഷേ പരിപാടി മാറ്റിയെന്നാണോ പറയാൻ വരുന്നത്. "ഏതാനം നിമഷങ്ങൾക്കകം ഞങ്ങൾ അവിടെ എത്തും" റേയിഞ്ച് ഇല്ലാതിരുന്നതിനാലാണ് നേരത്തെ ഇവർ വിളിച്ചത് കിട്ടാതെ പോയത്. അങ്ങിനെ രാത്രി ഒൻപതു മണിയായപ്പോൾ അവർ എത്തി. വീട്ടിൽ വന്നപ്പോൾ മുതൽ അച്ചൻ ധൃതി പിടിക്കാൻ തുടങ്ങി. മെത്രാച്ചൻ താമസിക്കുന്നിടത്ത് അവർക്ക് കാലത്ത് രണ്ടു പേർക്കും ജോലിക്കു പോകേണ്ടതാണ്. പത്തു മണിക്ക് അവർ കിടക്കുന്നതിന് മുൻപ് അവിടെയെത്തണം. അവിടെ നിന്നും ഏകദേശം അരമണിക്കൂർ യാത്ര ചെയ്താലേ അവിടെ

യെത്തുകയുള്ളു. വളരെ തിരക്കിൽ പ്രാത്ഥന കഴിച്ചതുപോലെയാക്കി. ഭക്ഷണത്തിനിരുന്നു. വിഭവസമൃദ്ധമായ പതിനേഴു കൂട്ടം വിഭവങ്ങളുമായുള്ള ഭക്ഷണം. കൂടാതെ അവസാനം അടപ്രഥമനും. പലക്കും ഡൈബറ്റീസുള്ളതു കാരണം മധുരം അതിനു തക്കവിധത്തിലായിരുന്നു ക്രമീകരിച്ചിരുന്നത്. അച്ചായനും പാചകകലയിൽ അല്പം നൈപുണ്യമുള്ള ആളായിരുന്നു. തന്മൂലം ഭക്ഷണമെല്ലാം വളരെ രുചികരമെന്നതിന് യാതൊരു സംശയവുമില്ല. മെത്രാച്ചനും അച്ചനുമെല്ലാം വളരെ മിത ഭക്ഷണക്കാരായിരുന്നെങ്കിലും ഇത്രയും രുചിയുള്ള നല്ല ഭക്ഷണം കാരണം അറിയാതെ പിന്നേയും പിന്നേയുമായി ധാരാളം ഭക്ഷിച്ചു. സന്തോഷമായി അവർ പോയി.

അവർ പോയിക്കഴിഞ്ഞുടനെ അച്ചായനും അമ്മാമ്മയും ഒന്നിച്ചിരുന്ന് ഭക്ഷണം കഴിച്ചു. അവർ വീട്ടിലുള്ള സമയത്തെല്ലാം ഒന്നിച്ചിരുന്നാണ് ഭക്ഷണം കഴിക്കാറുള്ളത്. അതിൽ അവക്ക് പ്രത്യേകമായ ഒരു സന്തോഷം എപ്പോഴും കിട്ടുമായിരുന്നു.

ഭക്ഷണമെല്ലാം കഴിഞ്ഞുടനെ തന്നെ ബാക്കി വന്നതെല്ലാം ഫ്രിട്ജിൽ വെയ്ക്കാനും താഴെയെല്ലാം തുടച്ച് വൃത്തിയാക്കാനും തുടങ്ങി. ഇത്രയും വിഭവങ്ങളെല്ലാം മുകളിലുള്ള ഫ്രിട്ജിൽ കൊള്ളുകയില്ല.വളരെയധികവും താഴെബേസ്മെന്റിലെ ഫ്രിട്ജിൽ കൊണ്ടുപോയ് വെച്ചെ പറ്റുകയുള്ളു. അച്ചായൻ ഓരോന്നോരോന്നായി താഴേക്ക് കൊണ്ടു പോയി വെയ്ക്കാൻ തുടങ്ങി. അമ്മാമ്മ നിലമെല്ലാം തൂക്കാനും തുടയ്ക്കാനും തുടങ്ങി. അച്ചായൻ അവസാനത്തെ സാധനവും കൊണ്ടു വെച്ചു കഴിഞ്ഞപ്പോൾ മുകളിൽ നിന്ന് ചക്ക വെട്ടിയിട്ടത്തു മാതിരി ശബ്ദം കേട്ടു. കൂട്ടത്തിൽ നിലവിളിയും ശകാര വാക്കുകളും "കാലമാടാ ഞാൻ ചത്തേ"

അയാൾ തിരക്കിട്ട് മുകളിലേക്ക് കയറി വരുന്നതിനിടയിൽ ഒരു പടി മാറി ചവുട്ടി പൊത്തോയെന്ന് വീണതും അയ്യോയെന്നു നിലവിളിച്ചതും ഒപ്പം. അയാൾ മലന്നടിച്ച് താഴെ ബേസ്മെന്റിൽ ചെന്നു വീണു. പോരാത്തതിന് ഛർദ്ദിയും തൂറ്റലും ഒരുമിച്ച്. ലൈറ്റിന്റെ വെട്ടത്തിൽ കാൽപത്തി പറഞ്ഞ നിമിഷത്തിനുള്ളിൽ പപ്പടം പൊള്ളുന്നതുപോലെ നീരുവെച്ച് പൊങ്ങി. കണ്ണും തലയും ചുറ്റുന്നെങ്കിലും മുകളിലെ ഒച്ചയും ബഹളവും കാരണം പടികളിൽ കൂടി നിരങ്ങി മുകളിലേക്ക് ചെല്ലാൻ നിബ്ന്ധിതനായി. "കാലമാടാ ഞാൻ ചത്താലും താൻ വരത്തില്ലയോ" ചെന്ന് ചെകിട് അടിച്ചു പൊട്ടിക്കാൻ ആഗ്രഹിച്ചതാണ്.

അടുക്കളയുടെ തറ ടൈലു മാറ്റിയപ്പോൾ ഏറ്റവും വിലകൂടിയ മാബിൾ ടൈലാണ് മാറ്റി ഇട്ടത്. മെത്രാച്ചൻ വീട്ടിൽ വരുന്നതല്ലേ; എന്തിനാണ് കുറയ്ക്കുന്നത്. നമ്മുടെ അമ്മാമ്മ അവിടെ വെള്ളം കൊണ്ട് തുടച്ച് വൃത്തിയാക്കുന്നതിനിടയിൽ മാബിൾ ടൈലിന്റെ പുറത്ത് വെള്ളം വീണു കിടക്കുന്നിടത്ത് നഗ്നപാദമായി നിന്നാൽ തെന്നുമെന്നത് തീച്ചയാണല്ലോ. കൂടാതെ അമ്മാമ്മയും ഛർദ്ദിക്കുകയും തൂറ്റുകയും ചെയ്യാണ് കിടപ്പ് കൂടാതെ ഇടത്തെ കൈ ഒടിയുകയും ചെയ്തിരിക്കുന്നു.

ഛർദ്ദിച്ചും തൂറ്റിയും ഇടത്തേ കാല് അനക്കാൻ വയ്യാതെ മുട്ടേൽ ഇഴഞ്ഞ് അച്ചായൻ ചെന്നപ്പോൾ കണ്ട കാഴ്ച ദയനീയം. "ഹേ മനുഷ്യ, നിങ്ങൾക്കെന്തുപറ്റി. കള്ളത്തരമാണ് നിങ്ങളുടെ കയ്യിലിരിപ്പ് മുഴുവനും"

ഒരു സഹായത്തിന് ഈ പാതിരാ നേരത്തു വിളിച്ചാൽ ആരുണ്ട് സഹായിക്കാൻ. അച്ചനേയും ട്രഷറാറേയും വിളിച്ചിട്ട് അവരാരുംഫോണെടുക്കുന്നില്ല. പള്ളിയിൽ വരുന്ന പരിചയക്കാരേ പലരേയും വിളിച്ചിട്ട് ആരും ഫോണെടുക്കുന്നില്ല.

"അയ്യോ! ഞാനിപ്പോ ചത്തു പോകുമേ. ഈ കാലമാടന്റെ കൂടെ ഇറങ്ങിത്തിരിച്ച സമയം മോശമായിരുന്നല്ലോ" അങ്ങിനെ അമ്മാമ്മയുടെ വായിൽ തോന്നുന്നതെല്ലാം വിളിച്ചു പറയുന്നുണ്ട്. അയാളുടെ നിലപാടു കണ്ടിട്ടും അമ്മാമ്മയ്ക്ക് ഒരലിവും ഇല്ല "ആരെന്തോ കൂടോത്രം ചെയ്തിട്ടാണോ ഇങ്ങിനെ സംഭവിച്ചത്" ആ വീട്ടിൽ ഇങ്ങിനെ എന്തു പ്രശ്നങ്ങളുണ്ടായാലും ഉടനെ ആ സ്ത്രീ സാധാരണ പറയാറുള്ളത് ആരോ കൂടോത്രം ചെയ്തെന്നാണ്. അതൊരു സാധാരണ പല്ലവിയാണവിടെ.

അവസാനം 911 വിളിച്ചു. അവർ വന്ന് അയാളെ കയിലി മുണ്ടോടെയും അവരെ വെറും അടിപാവടയും ടോപ്പോടെയും കൊണ്ടു പോകാൻ അവർ നിബ്ന്ധിതരായി.

തറിയിൽ വീണ അമ്മാമ്മയുടെ ഇടത്തു കൈ ഒടിഞ്ഞിട്ടുണ്ട്. അയാളുടെ ഇടത്തു കാൽ ചുവട്ടിന് ഉളുക്ക പറ്റിയതേയുള്ളു. എന്നാലും കുറച്ചു ദിവസത്തേക്ക് നടക്കാൻ പ്രയാസമുണ്ട്.

ആശുപത്രിയിലെ എമർജൻസി റൂമിൽ ചെന്നപ്പോൾ അവിടെ മെത്രാച്ചനും അച്ചനും ട്രഷറാറും തൂറ്റലും ഛർദ്ദിയും മൂലം കൊണ്ടു വന്നിട്ടുണ്ട്. മെത്രാച്ചൻ താമസിക്കുന്ന വീട്ടിലെ ഭാര്യയും ഭത്താവും മാത്രമല്ല ആ പള്ളിക്കാരെല്ലാം വിവരമറിഞ്ഞ് ആ പാതി രാത്രിയിൽ അവിടെ എത്തിച്ചേന്നിട്ടുണ്ട്. തന്മൂലമാണ് പള്ളിക്കാരെ പലരേയും ഫോൺ ചെയ്തിട്ട് കിട്ടാതെ പോയത്. മെത്രാച്ചന് പിറ്റെ ദിവസത്തെ വിമാനത്തിൽ അടുത്ത സ്ഥലത്ത് വേറെ പരിപാടിയ്ക്ക് എത്തിച്ചേരേണ്ടതുമാണ്.

മെത്രാച്ചനേയും അച്ചനേയും ട്രഷറാറേയും ഏതാനം മണിക്കൂറുകൾ ശുശ്രൂഷിച്ചശേഷം വെളുപ്പാൻ കാലത്തു തന്നെ എല്ലാം ശരിയാക്കി പറഞ്ഞു വിട്ടു. ആ ആശുപത്രിയിൽ തന്നെ ആ പള്ളിയിൽ കൂടി നടക്കുന്ന രണ്ട് നേഴ്സുമാർ ആ രാത്രിയിൽ ജോലി ചെയ്യുന്നുണ്ടെന്നതു കൂടാതെ ആ എമേർജൻസി റൂമിലെ അപ്പോഴത്തെ നേഴ്സുമാരിൽ ഒരാളും ആ പള്ളിയിൽ കൂടി നടക്കുന്നവരിലൊരാളായിരുന്നു. തന്മൂലം കാര്യങ്ങൾ ഏറ്റവും ഭംഗിയായും പെട്ടന്നും ചെയ്തു തീക്കാൻ സാധിച്ചു.

കാലത്തു പതിനൊന്നു മണിക്ക് നമ്മുടെ അച്ചായനേയും അമ്മാമ്മയേയും അവിടെ നിന്നും പറഞ്ഞു വിട്ടു. രണ്ടു പേക്കും കുറച്ചു ദിവസത്തേക്ക് ജോലിക്ക് പോകാതിരിക്കാനുള്ള മെഡിക്കലും എഴുതി കൊടുത്തു.

മെത്രാച്ചന് ശരിയായ സമയത്തിന് ഉച്ചയ്ക്ക് രണ്ടു മണിക്കത്തെ വിമാനത്തിന് പോകാൻ സാധിച്ചു. മെത്രാച്ചനും അച്ചനും നല്ല ക്ഷീണമുണ്ടായിരുന്നു. എന്നാലും കൃത്യ സമയത്തു പോകാൻ സാധിച്ചതിൽ അവർ ദൈവത്തെ പുകഴ്ത്തി..

അച്ചായനും അമ്മാമ്മയും വീട്ടിൽ വന്ന് ഏതാനം മണിക്കൂറുകൾ കഴിഞ്ഞപ്പോൾ വീട്ടിൽ ഫുട്ഇൻസ്പെക്ടന്മാരെത്തി. ഫുട് പോയിഷൻ ഉള്ള ഭക്ഷണം അവർ നൽകിയെന്ന കാരണത്തിന് അവിടെയിരിക്കുന്ന ഭക്ഷണമെല്ലാം അവർ കൊണ്ടു പോയ് പരിശോധിക്കാൻ. രണ്ടു ദിവസം കഴിഞ്ഞപ്പോൾ അതിന്റെ റിപ്പോട്ടു വന്നു. ഭക്ഷണത്തിൽ യാതൊന്നിലും യാതൊരു വിഷാംസവുമില്ല. പള്ളിയിലെആരോ പരാതികൊടുത്തതാണ് തങ്ങളുടെ അച്ചനേയും മെത്രാച്ചനേയും വിഷമുള്ള ഭക്ഷണം കൊടുത്ത് അവർ കൊല്ലാൻ ശ്രമിച്ചെന്നായി.

വയ്യാതെ കിടക്കുന്ന അവരെ കാണാൻ ആ പള്ളിയിലെ ആരും വന്നില്ല. മൈക്രോഓവൻ കെമിക്കലുകൊണ്ട് അച്ചായൻ സ്പ്രേ ചെയ്ത് ടിഷ്യു കൊണ്ട് തുടച്ചശേഷം അതിൽ ഈ ഭക്ഷണമെല്ലാം ചൂടാക്കിയതാണ് കാരണമെന്ന് പിന്നീട് അച്ചായന് മനസ്സിലായെങ്കിലും അയാൾ ആ വിവരം പിന്നെ ആരോടും പറയാൻ മിനക്കെട്ടില്ല.